# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4972 23.03.2018 ന് മറുപടിയ്ക്ക്.

## വനം-വന്യജീവി സംരക്ഷണമേഖലയിൽ കേന്ദ്ര സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീമതി.സി.കെ.ആശ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനം-വന്യജീവി സംരക്ഷണമേഖലയിൽ കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ടോ; എങ്കിൽ കേന്ദ്ര വിഹിതം എത്ര; വിശദമാക്കാമോ; | (എ) വനം-വന്യജീവി സംരക്ഷണ മേഖലയിൽ കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ട്. പ്രോജക്ട് ടൈഗർ ഒഴികെ മറ്റു പദ്ധതികൾക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 60:40 അനുപാതത്തിലാണ്. പ്രോജക്ട് ടൈഗറിൽ നോൺ റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 60%ഉം. റിക്കറിംഗ് പ്രവർത്തനങ്ങൾക്ക് 50% ഉം ആണ് കേന്ദ്ര വിഹിതം.<br>2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പ്രസ്തുത കേന്ദ്ര സഹായം കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) പ്രസ്തുത കേന്ദ്രസഹായം കൃത്യമായി ലഭിക്കുന്നുണ്ട്. |
| (സി) കേന്ദ്രഫണ്ട് ലഭ്യമാകാത്തതിനാൽ വനസംരക്ഷണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യമുണ്ടോ; വ്യക്തമാക്കുമോ; | (സി) വന്യജീവി സങ്കേതങ്ങളുടെ സംരക്ഷണത്തിനായി നടപ്പിലാക്കി വരുന്ന കേന്ദ്ര സഹായ പദ്ധതികളിൽ, മുൻ വർഷങ്ങളിൽ കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്ന തുക കുറവായിരുന്നുവെങ്കിലും, ടി പദ്ധതികളിൽ ബഡ്ജറ്റിൽ അംഗീകരിച്ച സംസ്ഥാന വിഹിതം പൂർണ്ണമായും വിനിയോഗിക്കാൻ സാധിച്ചിരുന്നു. കേന്ദ്ര ഫണ്ട് ലഭ്യമാകാത്തതിനാൽ വനസംരക്ഷണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്ന സാഹചര്യമുണ്ടായിട്ടില്ല. |
| (ഡി) വനം വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) വന്യജീവി സങ്കേതങ്ങളുടേയും ദേശീയോദ്യാനങ്ങളുടേയും സംരക്ഷണത്തിനായി നടപ്പിലാക്കി വരുന്ന ഇന്റഗ്രേറ്റഡ് ഡവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്, പ്രോജക്ട് ടൈഗർ, പ്രോജക്ട് എലിഫന്റ്, അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ്, നീലഗിരി ബയോസ്ഫിയർ റിസർവ്വ് എന്നിവയും, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കും ബോധവല്ക്കരണത്തിനുമായി ഫോറസ്റ്റ് ഫയർ പ്രിവൻഷൻ & മാനേജ്മെന്റ് പദ്ധതിയും ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതിയും, വനവിഭവ ശേഖരണ വിതരണവുമായി ബന്ധപ്പെട്ട് ട്രൈബൽ കൊ ഓപ്പറേറ്റീവ് ഫെഡറേഷൻ ആന്റ് ഡെവലപ്മെന്റ് പദ്ധതിക്കും കേന്ദ്ര സഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം. | പദ്ധതി | അംഗീകരിച്ച തുക (ലക്ഷത്തിൽ) | കേന്ദ്ര വിഹതം (ലക്ഷത്തിൽ) | സംസ്ഥാന വിഹിത (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ഫോറസ്റ്റ് ഫയർ പ്രിവൻഷൻ & മാനേജ്മെന്റ് | 390.89 | 175.00 | 116.60 |
| 2 | ഇൻറഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് | 993.675 | 596.205 | 397.47 |
| 3 | ഫ്രോജക്റ്റ് എലിഫന്റ് | 804.25 | 482.55 | 321.70 |
| 4 | അഗസ്ത്യമല ബയോസ്ഫിയർ റിസർവ്വ് | 311.85 | 187.11 | 124.74 |
| 5 | നീലഗിരി ബയോസ്ഫിയർ റിസർവ്വ് | 246.82 | 148.09 | 98.73 |
| 6 | പ്രോജക്റ്റ് ടൈഗർ | | | |
| (എ) | പെരിയാർ ടൈഗർ റിസർവ്വ് | | | |
| | നോൺ റിക്കറിംഗ് (60%) | 236.38 | 141.828 | 94.550 |
| | റിക്കറിംഗ് (50%) | 469.61 | 234.805 | 234.805 |
| | ആകെ | **705.99** | **376.633** | **329.355** |
| (ബി) | പറമ്പിക്കുളം ടൈഗർ റിസർവ്വ് | | | |
| | നോൺ റിക്കറിംഗ് (60%) | 105.77 | 63.46 | 42.308 |
| | റിക്കറിംഗ് (50%) | 418.08 | 209.04 | 209.040 |
| | ആകെ | **523.85** | **272.50** | **251.348** |